**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 435** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഹൈമാസ്റ്റ്-മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും അടിസ്ഥാനമാക്കിയാണ് അക്രെഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് നടപ്പാക്കുന്നത്. എം.എൽ.എ ആസ്തി വികസന പദ്ധതി / പ്രത്യേക വികസന പദ്ധതി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും നടത്തുന്ന പർച്ചേസുകൾക്കും ഈ നിയമങ്ങൾ ബാധകമാണ്. പ്രസ്തുത നിയമസഭാ ചോദ്യത്തിൽ ഉന്നയിച്ച ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള ഉത്തരവ് ധനകാര്യ നോഡൽ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തികൾ നടപ്പാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കേണ്ടത് ഏറ്റെടുക്കേണ്ട പ്രവൃത്തിയുടെ സ്വഭാവം, technical requirement , PMC charges എന്നിവയുടെ അടിസ്ഥാനത്തിൽ സുതാര്യമായ ലേല പ്രക്രിയയിലൂടെ ആയിരിക്കണം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പോലെയുള്ള Electro-Mechanical Works സർക്കാർ വകുപ്പായ പൊതുമരാമത്ത് വകുപ്പിന്റെ ഇലെക്ട്രിക്കൽ വിങ് മുഖേന ആണ് നടപ്പിലാക്കേണ്ടത് .എന്നാൽ ആയത് അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കേണ്ട സാഹചര്യം ആണെങ്കിൽ Electro-Mechanical Works ഏറ്റെടുക്കാൻ Accreditation ലഭിച്ചിട്ടുള്ള ഏജൻസികളിൽ നിന്നും (ഉദാ.കെൽട്രോൺ,KEL,SILK) സർക്കാർ ഉത്തരവുകൾക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്നതാണ് |
| (ബി) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും | (ബി) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും അടിസ്ഥാനമാക്കിയാണ് അക്രെഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | എം.എൽ.എ ആസ്തി വികസന പദ്ധതി / പ്രത്യേക വികസന പദ്ധതി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും നടത്തുന്ന പർച്ചേസുകൾക്കും ഈ നിയമങ്ങൾ ബാധകമാണ്. പ്രസ്തുത നിയമസഭാ ചോദ്യത്തിൽ ഉന്നയിച്ച ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള ഉത്തരവ് ധനകാര്യ നോഡൽ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തികൾ നടപ്പാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കേണ്ടത് ഏറ്റെടുക്കേണ്ട പ്രവൃത്തിയുടെ സ്വഭാവം, technical requirement , PMC charges എന്നിവയുടെ അടിസ്ഥാനത്തിൽ സുതാര്യമായ ലേല പ്രക്രിയയിലൂടെ ആയിരിക്കണം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പോലെയുള്ള Electro-Mechanical Works സർക്കാർ വകുപ്പായ പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിങ് മുഖേന ആണ് നടപ്പിലാക്കേണ്ടത് .എന്നാൽ ആയത് അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കേണ്ട സാഹചര്യം ആണെങ്കിൽ Electro-Mechanical Works ഏറ്റെടുക്കാൻ Accreditation ലഭിച്ചിട്ടുള്ള ഏജൻസികളിൽ നിന്നും (ഉദാ.കെൽട്രോൺ,KEL,SILK) സർക്കാർ ഉത്തരവുകൾക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ